# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2116 — 16.08.2017 ൽ മറുപടിക്ക്

## കേരള കരകൗശല വികസന കോർപറേഷന് അനുവദിച്ച തുക

**ചോദ്യം**

ശ്രീ.എൻ.ഷംസുദ്ദീൻ

(എ) കേരള കരകൗശല വികസന കോർപറേഷന് കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും 1996 മുതൽ 2017 വരെയുള്ള കാലയളവിൽ ഓരോ വർഷവും അനുവദിച്ച തുകയെത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര ലക്ഷം രൂപയുടെ പദ്ധതികൾക്കാണ് ഓരോ വർഷവും അനുമതി നൽകിയതെന്നും ഓരോ വർഷവും വിനിയോഗിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവുകളിൽ ഓരോ വർഷവും എത്ര തുകക്കുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകി എന്ന് വിശദീകരിക്കുമോ?

**ഉത്തരം**

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ), (ബി) & (സി) കരകൗശല വികസന കോർപറേഷനിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര കരകൗശല വികസന കമ്മീഷണറേറ്റിൽ നിന്നും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| 2007-08 | 22,05,625 | 22,20,911 |
| 2008-09 | 26,72,625 | 26,72,625 |
| 2009-10 | 1,00,00,000 | 1,01,06,572 |
| 2012-13 | 15,14,000 | 15,14,000 |
| 2013-14 | 9,00,000 | 9,00,000 |
| 2014-15 | 31,75,000 | 31,75,000 |
| 2015-16 | 9,42,34,800 | 2,03,52,189 |

മുകളിൽ പറഞ്ഞിട്ടുള്ള വർഷങ്ങളിൽ 2014-15 വരെ അനുവദിച്ച പദ്ധതികൾ പൂർത്തീകരിക്കുകയും അവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 ൽ അനുവദിച്ച പദ്ധതികളിൽ പൂർത്തിയായവയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട് ബാക്കിയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുയാണ്.

സെക്ഷൻ ഓഫീസർ